# കേരള കാർഷിക സർവകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)

ഇ മെയിൽ–:- arsanakkayam@kau.in, ഫോൺ : 0483- 2848050


നം : എ1-1142/25 തീയ്യതി : 15.05.2025

## ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിലെ തൊഴിലാളികൾ/ഫാം സ്റ്റാഫ്/അസിസ്റ്റന്റ് പ്രൊഫസർ/പ്രൊഫസർ & ഹെഡ്/മാലി എന്നീ ജീവനക്കാർക്ക് 2025–26 സാമ്പത്തിക വർഷത്തിൽ ഗുണനിലവാരമുള്ള ഗംബൂട്ട് വിതരണം ചെയ്യാൻ താല്പര്യമുള്ളവരിൽ നിന്നും താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു.

വ്യവസ്ഥകളും നിബന്ധനകളും

1. ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് " ഗംബൂട്ട് വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ " എന്ന് വ്യക്തമായി എഴുതി **31/05/2025** തീയ്യതി രാവിലെ 11.00 മണിക്ക് മുമ്പ് പ്രൊഫസർ & ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം എന്ന വിലാസത്തിൽ ലഭിക്കണം.
2. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം 11.30 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.
3. ക്വട്ടേഷനിൽ ഒരു ജോഡി ഗംബൂട്ടിന്റെ വിലയും ബ്രാൻഡും വ്യക്തമാക്കണം (എല്ലാ നികുതിയും മറ്റു ചെലവുകളുണ്ടെങ്കിൽ അതുമടക്കമുള്ള തുക) ഏറ്റവും ചുരുങ്ങിയ വില കാണിച്ച ക്വട്ടേഷൻ പ്രാദേശിക മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്ത്, മിതമായതാണെങ്കിൽ അംഗീകരിക്കുന്നതാണ്.
4. ക്വട്ടേഷൻ സ്വീകരിക്കപ്പെട്ട വ്യക്തി/സ്ഥാപനം ഒരാഴ്ചക്കകം ഈ കേന്ദ്രത്തിൽ നിന്ന് ആവശ്യപ്പെടുന്ന എണ്ണമനുസരിച്ച് ഗംബൂട്ട് എത്തിച്ചു നൽകേണ്ടതാണ്.
5. ക്വട്ടേഷൻ സ്വീകരിക്കപ്പെടുന്ന വ്യക്തി/സ്ഥാപനം ഗംബൂട്ട് വിതരണം ചെയ്തതിനു ശേഷം നൽകുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ചെക്ക് മുഖാന്തരം ഗംബൂട്ടിന്റെ വില നൽകുന്നതാണ്.
6. വിതരണം ചെയ്യുന്ന ഗംബൂട്ട് ഗുണനിലവാരമില്ലാത്തതാണെന്നു കണ്ടാൽ ക്വട്ടേഷൻ റദ്ദ് ചെയ്യാൻ കേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.
7. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
8. ഇതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഓഫീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

(ഒപ്പ്)
പ്രൊഫസർ & ഹെഡ്

പകർപ്പുകൾ:

നോട്ടീസ് ബോർഡ്(ഓഫീസ്/ഫാം)
ആനക്കയം പഞ്ചായത്ത് ഓഫീസ്/ആനക്കയം വില്ലേജ് ഓഫീസ്
ആനക്കയം കൃഷിഭവൻ, സ്റ്റേറ്റ് സീഡ് ഫാം നോട്ടീസ് ബോർഡ്
കെ.എ.യു വെബ്സൈറ്റ്/ഫാം സൂപ്രണ്ട്